REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വൈകിട്ട് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പ് ലഭിക്കാൻ അപേക്ഷ ഇന്ന് അർദ്ധരാത്രിവരെ നൽകാം.**
- **രണ്ടാം വർഷ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാ ഫലം നാളെ.**
- **ഹജ്ജ് കർമ്മങ്ങൾക്ക് ഇന്ന്  മിനായിൽ തുടക്കമാകും**
- **ഇന്ന് ലോക ഫുട്ബോൾ ദിനം.**

## വാർത്തകൾ വിശദമായി

ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വൈകിട്ട് ന്യൂഡൽഹിയിൽ സമ്മാനിക്കും. ആദ്യഘട്ടത്തിൽ 66 പത്മാ പുരസ്കാരങ്ങളാണ് ഇന്ന് രാഷ്ട്രപതി ഭവനിൽ സമ്മാനിക്കുന്നത്. ശേഷിക്കുന്ന 65 പേർക്ക് പുരസ്കാരങ്ങൾ പിന്നീട് സമർപ്പിക്കും. പുരസ്കാര ദാന ചടങ്ങിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തരമന്ത്രി അമിത്ഷാ അടക്കം കേന്ദ്രമന്ത്രിമാരും പ്രമുഖരും പങ്കെടുക്കും.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പ് ലഭിക്കാൻ അപേക്ഷ ഇന്ന് കൂടി നൽകാം. അപേക്ഷ നൽകാൻ വിദ്യാർത്ഥികൾക്ക് മതിയായ സമയം ലഭിക്കാനാണ് ഇന്ന് അർദ്ധരാത്രി വരെ സമയം നീട്ടി നൽകിയതെന്ന് CBSE അറിയിച്ചു. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയവും നൽകിയിട്ടുണ്ട്.

....ഡെസ്ക് റിപ്പോർട്ട്......

......വോയ്സ്..........

CBSE ഫലപ്രഖ്യാപനത്തിന് ശേഷവും, പുനർമൂല്യനിർണ്ണയ പ്രക്രിയയിൽ വിദ്യാർത്ഥികൾ നേരിടുന്ന സാങ്കേതിക, പേയ്മെന്റ് പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, ധനമന്ത്രി നിർമ്മല സീതാരാമനുമായി സംസാരിച്ചു. SBI, ബാങ്ക് ഓഫ് ബറോഡ, കാനറ, ഇന്ത്യൻ ബാങ്കുകളുമായി സഹകരിച്ച് CBSE യുടെ പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം പുനഃക്രമീകരിക്കാനും തീരുമാനിച്ചതായി വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭിക്കാൻ അധിക തുക നൽകേണ്ടി വന്നവർക്ക് പണം മടക്കി നൽകും. ഈ മാസം 21, 22 തീയതികളിൽ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് ചില വിദ്യാർഥികളിൽനിന്നും ഫീസ് തെറ്റായി ഈടാക്കിയതെന്ന് CBSE അറിയിച്ചു.

✪✪✪

ഈ മാസം 28ന് നടത്താനിരുന്ന സർവകലാശാല ബിരുദ പൊതു പ്രവേശന പരീക്ഷ - CUET-UG മാറ്റിവെച്ചതായി ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ബലിപെരുന്നാൾ 28ന് വന്ന സാഹചര്യത്തിലാണ് നടപടി. പുതിയ തിയതി വൈകാതെ അറിയിക്കുമെന്ന് NTA കേന്ദ്രങ്ങൾ പറഞ്ഞു.

✪✪✪

പശ്ചിമബംഗാളിൽ ഫൽത്താ നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ BJP സ്ഥാനാർത്ഥി, ദേബാങ്ഷു പാണ്ഡ ഒരു ലക്ഷത്തി ഒമ്പതിനായിരത്തിൽപരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. CPIM-ലെ ശംഭുനാഥ് കുർമിയെയാണ് പാണ്ഡ പരാജയപ്പെടുത്തിയത്. തൃണമൂൽ കോൺഗ്രസ് ശക്തികേന്ദ്രമായ ഫൽത്തയിൽ TMC സ്ഥാനാർത്ഥി, നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. വോട്ടിംഗ് യന്ത്രങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്നാണ് ഫൽത്തയിലെ തെരഞ്ഞെടുപ്പ് റദ്ദാക്കി ഈ മാസം 21-ന് വീണ്ടും വോട്ടെടുപ്പ് നടത്താൻ കമ്മീഷൻ ഉത്തരവിട്ടത്.

ഫൽത്താ തെരഞ്ഞെടുപ്പിൽ റെക്കോർഡ് ഭൂരിപക്ഷത്തോടെ വിജയിച്ച പാണ്ഡയെ പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമക്കുറിപ്പിൽ അഭിനന്ദിച്ചു.

✪✪✪

സംസ്ഥാന മന്ത്രിസഭയുടെ മൂന്നാമത്തെ യോഗം ഇന്ന് ചേരും. അടുത്തമാസം 15 മുതൽ KSRTC ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തേക്കും. IAS ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ വിഷയവും ചർച്ചയായേക്കും.

✪✪✪

തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആറു ദിവസത്തെ സ്റ്റുഡന്റ് പോലിസ് കേഡറ്റ് ക്യാമ്പ് "ഐക്യ 2026" ഇന്ന് സമാപിക്കും. വൈകിട്ട് തിരുവനന്തപുരം വെങ്ങാനൂർ VPS മലങ്കര ഹയർ സെക്കൻഡറി സ്കൂളിലെ SPC പരേഡിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കും. 939 കേഡറ്റുകളാണ് ക്യാമ്പിൽ പങ്കെടുത്തത്. സംസ്ഥാന പൊലീസ് മേധായിവയടക്കം മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരും സമാപന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

അങ്കണവാടികളിലെ സൗകര്യക്കുറവുകളും, സാങ്കേതിക ബുദ്ധിമുട്ടുകളും, ഭക്ഷണ പ്രശ്നവും സംബന്ധിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ മന്ത്രി ബിന്ദു കൃഷ്ണ, ശിശുക്ഷേമ ഡയറക്ടറോട് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടു. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനും മന്ത്രി നിർദേശിച്ചു.

✪✪✪

കർണാടകയിലെ, ഉത്തര കന്നഡ ജില്ലയിൽ ഒരു കുടുംബത്തിലെ ഏഴ് സ്ത്രീകൾ ഉൾപ്പെടെ എട്ട് പേർ മുങ്ങിമരിച്ചു. കക്ക വാരാനിറങ്ങിയവരാണ് ഇന്നലെ ശക്തമായ ഒഴുക്കിൽപ്പെട്ട് മരിച്ചത്. കാണാതായ മൂന്ന് പേർക്ക് വേണ്ടി തിരച്ചിൽ തുടരുകയാണ്.

അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ടപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദുഃഖവും അനുശോചനവും അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം നൽകും.

മരിച്ചവരുടെ ബന്ധുക്കൾക്ക് മുഖ്യമന്ത്രി സിദ്ധരാമയ്യ അഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

കോംഗോയിലെ എബോള കേസുകളുടെ എണ്ണം, 900 കവിഞ്ഞതായി ഭരണകൂടം അറിയിച്ചു. രോഗ ബാധിതർ എന്ന് സംശയിക്കുന്ന 119 പേരാണ് ഇതുവരെ മരിച്ചത്. 904 പേരിൽ രോഗ ലക്ഷണങ്ങൾ കണ്ടെത്തി. നേരത്തെ 170 ഓളം പേർ മരിച്ചെന്നായിരുന്നു റിപ്പോർട്ട്.

✪✪✪

ഹജ്ജ് കർമ്മങ്ങൾക്ക് ഇന്ന് മിനായിൽ തുടക്കമാകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ലക്ഷക്കണക്കിന് തീർത്ഥാടകർ ഇന്നലെ വൈകീട്ട് മുതൽ പുണ്യ നഗരിയായ മിനായിലേക്ക് യാത്ര ആരംഭിച്ചു. ഉച്ചയ്ക്ക് 12 മണിക്കു മുമ്പ് മുഴുവൻ തീർത്ഥാടകരും മിനായിലെ കൂടാരങ്ങളിൽ താമസിക്കുന്നതോടെ ഹജ്ജിന് ഔപചാരിക തുടക്കമാകും.

നാളെ പുലർച്ചെ വരെ തീർത്ഥാടകർ കൂടാരങ്ങളിലാണ് കഴിയുന്നത്. ഹജ്ജ് കർമ്മത്തിലെ സുപ്രധാന ചടങ്ങായ അറഫാ സംഗമത്തിന് നാളെ പുലർച്ചെയോടെ തീർത്ഥാടകർ മൈതാനിയിലേക്ക് നീങ്ങും.

✪✪✪

രണ്ടാം വർഷ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാ ഫലം നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് പൊതുവിദ്യാഭ്യാസ മന്ത്രി N ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും.

പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം ഇന്ന് ആരംഭിക്കും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

ഇന്ന് ലോക ഫുട്ബോൾ ദിനം. കായികരംഗത്തിന്റെ ആഗോള വ്യാപ്തിയെ ആദരിക്കാനും, സ്പോർട്സിലൂടെ സമാധാനം, വികസനം, സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നിവയ്ക്ക് ആഗോള പിന്തുണ വളർത്തിയെടുക്കാനുമാണ് ഐക്യരാഷ്ട്ര സംഘടന മെയ് 25 ന് ദിനാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഈഡൻ ഗാർഡൻസിൽ 40 റൺസിന് തോൽപ്പിച്ചു. ആദ്യ മത്സരത്തിൽ മുംബൈ, വാംഖഡെ സ്റ്റേഡിയത്തിൽ രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസ് 30 റൺസിനും പരാജയപ്പെടുത്തിയിരുന്നു.

✪✪✪

തിരുവനന്തപുരം നഗരത്തിൽ  കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെയും നഗരസഭയുടെയും സഹകരണത്തോടെ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി K. മുരളീധരൻ പറഞ്ഞു. കുടിവെള്ള പ്രശ്നത്തിനും ശാശ്വത പരിഹാരമുണ്ടാക്കും.

കണ്ണമ്മൂല വാർഡിന്റെ ഒരു കിലോമീറ്റർ പരിധിയിൽ ക്രമസമാധാന പ്രശ്നങ്ങൾ തടയാനും മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കാനും നഗരസഭ  സ്ഥാപിച്ച 17 CCTV ക്യാമറകൾ  സ്വിച്ച് ഓൺ  ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അതിരപ്പിള്ളി - മലക്കപ്പാറ റോഡിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനാൽ ഗതാഗതം നിരോധിച്ചു. തമിഴ്നാട്ടിൽ നിന്നുള്ള വാഹനങ്ങൾ മലക്കപ്പാറയിലും ചാലക്കുടിയിൽ നിന്നുള്ളവ വാഴച്ചാലിലും തടയും.

തൃശൂരിൽ നിന്ന് ഭരിതാപ്രതാപ്...

........വോയ്സ്.........

തമിഴ്നാട് (പൊള്ളാച്ചി/വാൽപ്പാറ) ഭാഗത്തുനിന്ന് അതിരപ്പിള്ളി, ചാലക്കുടി ഭാഗങ്ങളിലേക്ക് പോകുന്നതിനായി മലക്കപ്പാറ വഴി വരുന്ന എല്ലാത്തരം വാഹനങ്ങളും മലക്കപ്പാറ ചെക്ക്പോസ്റ്റിൽ തടയുന്നതായിരിക്കും. ഈ വാഹനങ്ങൾക്ക് വനമേഖലയിലേക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.

ചാലക്കുടി, അതിരപ്പിള്ളി ഭാഗത്തുനിന്ന് മലക്കപ്പാറ, വാൽപ്പാറ ഭാഗങ്ങളിലേക്ക് പോകുന്ന വാഹനങ്ങൾ വാഴച്ചാൽ ചെക്ക്പോസ്റ്റിൽ തടയും. ഈ ഭാഗത്തുനിന്നുള്ള സഞ്ചാരികൾക്കും മറ്റ് വാഹനങ്ങൾക്കും വാഴച്ചാലിനപ്പുറത്തേക്ക് പ്രവേശനമില്ല.

തമിഴ്നാട്ടിൽ നിന്നും തൃശ്ശൂർ/എറണാകുളം ഭാഗങ്ങളിലേക്ക് പോകേണ്ട യാത്രക്കാരും, തിരികെ യാത്ര ചെയ്യുന്നവരും ഈ വനപാത ഒഴിവാക്കി പാലക്കാട് - മണ്ണുത്തി ദേശീയപാത (NH 544) വഴിയുള്ള ബദൽ റൂട്ടുകൾ ഉപയോഗിക്കേണ്ടതാണ്.

റോഡ് നിർമ്മാണം പൂർത്തിയാകുന്നത് വരെ പൊതുജനങ്ങളും വിനോദസഞ്ചാരികളും ഈ നിയന്ത്രണങ്ങളോട് പൂർണ്ണമായി സഹകരിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ഒഴികെ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

എറണാകുളം ജില്ലയിലെ ഭൂതത്താൻ കെട്ട് ബാരേജിന്റെ ഷട്ടറുകൾ ഇടയ്ക്കിടെ തുറക്കുമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഡാമിൽ ഓറഞ്ച് ജാഗ്രത നൽകിയ സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

ഭവനരഹിതർക്ക് തല ചായ്ക്കാൻ സുരക്ഷിത ഭവനം ഒരുക്കുന്നതിനായി കുടുംബശ്രീ കാസർകോട് ജില്ലാ മിഷൻ ആവിഷ്കരിച്ച 'ശ്രീഭവനം - ഒരുമയിൽ ഉയരും കൂട്' പദ്ധതിക്ക് കാസർകോട് ചീമേനിയിൽ തുടക്കമിട്ടു.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ..

..........വോയ്സ്..........

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും സാമൂഹിക-സാംസ്കാരിക പ്രവർത്തകനുമായ മംഗലം ഗോപിനാഥ് അന്തരിച്ചു. 88 വയസ്സായിരുന്നു. ഇന്നലെ വൈകിട്ട് മഞ്ചേരിയിലെ ആശുപത്രിയിലായിരുന്നു അന്ത്യം.

മുൻ AICC അംഗമായ മംഗലം ഗോപിനാഥ് 'അൽ അമീൻ' 'മലബാർ ടുഡേ' തുടങ്ങിയ പത്രങ്ങളുടെ പത്രാധിപരായിരുന്നു. KPCC അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

സംസ്കാരം ഉച്ചയ്ക്ക് മഞ്ചേരി വെട്ടേക്കോട് നടത്തും.

✪✪✪

ബലിപ്പെരുന്നാളിനോട് അനുബന്ധിച്ച സപ്ലൈകോ പെരുന്നാൾ കിറ്റുകൾ നാളെക്കൂടി വില്പനശാലകളിൽ നിന്ന് ലഭ്യമാകുമെന്ന് സിവിൽ സപ്ലൈസ് വകുപ്പ് അറിയിച്ചു. പത്ത്, സാധനങ്ങളടങ്ങിയ 1,101 രൂപയുടെ കിറ്റ് 850 രൂപയ്ക്കാണ് നൽകുന്നത്.

✪✪✪

പ്രതിഷ്ഠാദിന പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. നാളെയാണ് പ്രതിഷ്ഠാദിനം. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10 ന് നട അടയ്ക്കും.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News team : സബിത കെ, അനുഷ ആത്മപ്രകാശ്*
*DEO: സികെ സുബോധ്*

आकाशवाणी